ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 26.05.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദി ഗുജറാത്തിലെ ദാഹോദിൽ ഇന്ന് 24,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കംകുറിക്കും. ദാഹോദ് ലോക്കോമോട്ടീവ് രാഷ്ട്രത്തിന് സമർപ്പിക്കും.

   **Prime Minister Narendra Modi will lay the foundation stone and inaugurate multiple development projects in Dahod, Gujarat today. Mr Modi will dedicate the Dahod Locomotive Manufacturing Plant to the nation.**

2. ജപ്പാനെ മറികടന്നു ലോകത്തിലെ നാലാമത്തെ വലിയ സമ്പദ് ഘടനയായി ഇന്ത്യ മാറിയെന്ന് നിതി അയോഗ്.

   **India has surpassed Japan to become the world's fourth-largest economy**

3. കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു ; 11 ജില്ലകളിൽ ചുവപ്പു ജാഗ്രത ; 3 ജില്ലകളിൽ ഓറഞ്ച് ജാഗ്രത ; 9 ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി.

   **Monsoon intensifies in Kerala; Red alert in 11 districts; Orange alert in 3 districts; Holiday for educational institutions in 9 districts**

4. കേരളതിരത്തിന് സമീപം മുങ്ങിയ ലൈബീരിയൻ ചരക്ക് കപ്പൽ കടലിൽ താഴ്ന്നു ; കപ്പലിലെ നിരവധി കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരങ്ങളിൽ അടിഞ്ഞു ; തീരത്ത് ജാഗ്രതാനിർദേശം.

   **Liberian cargo ship sinks near Kerala coast; Several containers from the ship wash up on Kollam and Alappuzha coasts; Alert issued on the coast.**

5. നിലമ്പൂർ ഉപതെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന്.

**Byelection to Nilambur assembly constituency in Kerala on June 19 ; election notification today.**

*********************************

## PM - DAHOD

പ്രധാനമന്ത്രി നരേന്ദ്ര മോദി രണ്ടുദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഗുജറാത്തിലെ ദാഹോദിൽ എത്തും. ഏകദേശം 24,000 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തറക്കല്ലിടുകയും ഉദ്ഘാടനം ചെയ്യുകയും ചെയ്യും. ദാഹോദ് ലോക്കോമോട്ടീവ് നിർമ്മാണ പ്ലാന്റ് പ്രധാനമന്ത്രി രാഷ്ട്രത്തിന് സമർപ്പിക്കും. അടുത്ത 11 വർഷത്തിനുള്ളിൽ 1200 ഇലക്ട്രിക് ചരക്ക് ട്രെയിൻ എൻജിൻ ഉത്പാദിപ്പിക്കുകയാണ് പ്ലാന്റിന്റെ ലക്ഷ്യം. 21,000 കോടി രൂപയിലധികം ചെലവഴിച്ചാണ് പ്ലാന്റ് നിർമിച്ചത്. രാജ്യത്തെ ഏറ്റവും ശക്തമായ ഇലക്ട്രിക് ട്രയിൻ എൻജിനും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. 9,000 കുതിരശക്തിയാണ് ഈ എൻജിനുള്ളത്. പിന്നീട്, പ്രധാനമന്ത്രി ഭുജിൽ വിവിധ വികസന പദ്ധതികൾക്ക് തറക്കല്ലിടും.

*********************************

## NDA-GOVERNANCE.. (INTRO)

എൻ.ഡി.എ മുഖ്യമന്ത്രിമാരുടെയും ഉപമുഖ്യമന്ത്രിമാരുടെയും ഏകദിന സമ്മേളനം പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്നു. ആഭ്യന്തരമന്ത്രി അമിത് ഷാ, രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്, ബിജെപി അദ്ധ്യക്ഷൻ ജെ.പി നദ്ദ, എൻ.ഡി.എ ഭരിക്കുന്ന 20 സംസ്ഥാനങ്ങളിലെയും മുഖ്യമന്ത്രിമാർ ഉപമുഖ്യമന്ത്രിമാർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. സമ്മേളനത്തിൽ ഓപ്പറേഷൻ സിന്ദൂരിന്റെ വിജയത്തിന് സേനയുടെ ധീരതയെയും പ്രധാനമന്ത്രി മോദിയുടെ നേതൃത്വത്തെയും അഭിനന്ദിക്കുന്ന പ്രമേയവും ജാതി സെൻസസ് നടത്താനുള്ള സർക്കാരിന്റെ തീരുമാനവുമായി ബന്ധപ്പെട്ടതുമായ പ്രമേയവും പാസാക്കിയതായി കേന്ദ്ര മന്ത്രി ജെ. പി നദ്ദ പറഞ്ഞു.

(വോയ്സ്)

*********************************************

## AMIT SHAH – NAGPUR

കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷായുടെ മൂന്ന് ദിവസത്തെ മഹാരാഷ്ട്ര സന്ദർശനത്തിനു ഇന്ന് തുടക്കമാകും. നാഗ്പൂരിലെ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടിൽ 'സ്വസ്തി നിവാസ്' എന്ന സ്ഥാപനത്തിന് ആഭ്യന്തര മന്ത്രി തറക്കല്ലിടും. ആഭ്യന്തര മന്ത്രി നാളെ മുംബൈ സന്ദർശിക്കും.

*********************************************

## OPERATION SINDOOR REAL IMPACT

ഇന്ത്യയുടെ 'ഓപ്പറേഷൻ സിന്ദൂറിലൂടെ പാകിസ്ഥാന്റെ തന്ത്രപ്രധാനമായ നൂർ ഖാൻ വ്യോമതാവളത്തിന് മുമ്പ് കരുതിയിരുന്നതിനേക്കാൾ കൂടുതൽ നാശനഷ്ടങ്ങൾ സംഭവിച്ചതായി സമീപകാല ഉപഗ്രഹ ചിത്രങ്ങൾ വെളിപ്പെടുത്തി. ഇന്ത്യൻ വ്യോമസേനയുടെ കൃത്യതയുള്ള ആക്രമണങ്ങളുടെ ആഘാതം മൂലം ഇവിടെ വലിയ സമുച്ചയം പൊളിച്ചു മാറ്റേണ്ടിവന്നുവെന്ന് ഉപഗ്രഹചിത്രങ്ങൾ വെളിപ്പെടുത്തി.

*********************************************

## INDIA 4TH ECONOMY...INTRO

ജപ്പാനെ മറികടന്നു ലോകത്തിലെ നാലാമത്തെ വലിയ സമ്പദ് ഘടനയായി ഇന്ത്യ. അമേരിക്ക, ചൈന, ജർമനി എന്നീ രാജ്യങ്ങൾ മാത്രമാണ് ഇപ്പോൾ ഇന്ത്യയ്ക്ക് മുന്നിലുള്ളത്. അന്താരാഷ്ട്ര നാണ്യനിധിയുടെ കണക്കനുസരിച്ച് ഔദ്യോഗികമായി ലോകത്തിലെ നാലാമത്തെ വലിയ സമ്പദ് വ്യവസ്ഥയായി ഇന്ത്യ മാറിയെന്ന് നിതി ആയോഗ് സി ഇ ഒ, ബി വി ആർ സുബ്രഹ്മണ്യം അറിയിച്ചു. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഇന്ത്യ മൂന്നാം സ്ഥാനത്തേക്ക് ഉയരുമെന്ന് നിതി ആയോഗിൻറെ പത്താമത്

ഗവേണിംഗ് കൗൺസിൽ യോഗത്തിന് ശേഷം നടത്തിയ വാർത്താ സമ്മേളനത്തിൽ സുബ്രഹ്മണ്യം പറഞ്ഞു.

(വോയ്സ്)

******************************************

## MALDIVES FM VISIT

മൂന്ന് ദിവസത്തെ ഇന്ത്യാ സന്ദർശനത്തിനായി മാൽദ്വീവ്സ് വിദേശകാര്യ മന്ത്രി ഡോ. അബ്ദുള്ള ഖലീൽ ഇന്നലെ ന്യൂഡൽഹിയിലെത്തി. വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കറുമായി അദ്ദേഹം ഉഭയകക്ഷി ചർച്ച നടത്തും.

******************************************

## ALL PARTY DELEGATION

ഭീകരതയോടുള്ള ഇന്ത്യയുടെ അസന്നിഗ്ധമായ സന്ദേശം അറിയിക്കാൻ നിയോഗിച്ച ഇന്ത്യൻ സർവകക്ഷി പ്രതിനിധി സംഘങ്ങളുടെ വിദേശസന്ദർശനം പുരോഗമിക്കുന്നു. കോൺഗ്രസ് എംപി ശശി തരൂരിന്റെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം ഇന്നലെ ഗയാനയിൽ എത്തി. എംപി സുപ്രിയ സുലെയുടെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം, ഖത്തർ നിയമസഭാ സമിതി അംഗങ്ങളുമായി കൂടിക്കാഴ്ച നടത്തി.പാർലമെന്റ് അംഗം ശ്രീ ബൈജയന്ത് ജയ് പാണ്ഡയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം ബഹ്റൈൻ സന്ദർശനം പൂർത്തിയാക്കി. ദക്ഷിണ കൊറിയയിലെത്തിയ ജെഡി(യു) എംപി സഞ്ജയ് ഝായുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ഇന്ത്യൻ പ്രവാസികളുമായി സംവദിച്ചു . ഡിഎംകെ എംപി കനിമൊഴി കരുണാനിധിയുടെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം സ്ലോവേനിയയിലെത്തി.

******************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(BREAK)

*******************************

## CONTAINER – KOLLAM

കേരളതീരത്തിന് സമീപം മുങ്ങിയ ലൈബീരിയൻ ചരക്ക് കപ്പൽ പൂർണമായി കടലിൽ താഴ്ന്നു. കപ്പലിലെ എട്ടു കണ്ടെയ്നറുകൾ കൊല്ലം, ആലപ്പുഴ തീരദേശത്ത് അടിഞ്ഞു. കരുനാഗപ്പള്ളി ചെറിയഴീക്കൽ തീരത്ത് രാത്രി പതിനൊന്നരയോടെയാണ് ആദ്യ കണ്ടെയ്നർ പ്രദേശവാസികളുടെ ശ്രദ്ധയിൽപ്പെട്ടത്. ചവറ പരിമണം തീരത്തും കണ്ടെയ്നറുകൾ എത്തി. കളക്ടർ, കമ്മീഷണർ ഉൾപ്പടെയുള്ളവർ സ്ഥലത്തെത്തി. പോലീസ് കാവൽ ഏർപ്പെടുത്തി.

*******************************

## PUBLIC ADVISORY ON CONTAINER SHIP

മുങ്ങിയ ചരക്ക് കപ്പലിൽ നിന്ന് എണ്ണയും മറ്റ് രാസവസ്തുക്കളും കടലിൽ ഒഴുകിപരക്കുന്നത് നീക്കംചെയ്യാൻ തീവ്രശ്രമത്തിലാണ് അധികൃതർ. മുഖ്യ കസ്റ്റംസ് കമ്മീഷണറുടെ കാര്യാലയം പൊതുജനങ്ങൾക്ക് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. ചരക്ക് കണ്ടെയ്നറുകളിൽ അപകടകരമായ വസ്തുക്കൾ അടങ്ങിയിരിക്കാമെന്നതിനാൽ അവയുടെ അടുത്തു പോകുകയോ സ്പർശിക്കുകയോ ചെയ്യരുതെന്ന് കർശന നിർദേശമുണ്ട്. കപ്പലിലുണ്ടായിരുന്ന ആകെ 643 കണ്ടെയ്നറുകളിൽ 73 എണ്ണം കാലിയായിരുന്നു. 13 കണ്ടെയ്നറുകളിൽ വെള്ളവുമായി അപകടകരമായ വിധത്തിൽ പ്രതിപ്രവർത്തിച്ച് ഉയർന്നതോതിൽ തീപ്പിടിക്കാവുന്ന രാസവസ്തുവുണ്ട്. കണ്ടെയ്നറിലെ വസ്തുക്കൾ അനധികൃതമായി നീക്കം ചെയ്യുന്നത് നിയമവിരുദ്ധമാണ്. സുരക്ഷ ഉറപ്പാക്കാനും കണ്ടെയ്നറുകൾ വീണ്ടെടുക്കാനും നടത്തിവരുന്ന

ശ്രമങ്ങളെ പിന്തുണയ്ക്കാനും തിരുവനന്തപുരം മേഖലയിലെ മുഖ്യ കസ്റ്റംസ് കമ്മീഷണറുടെ കാര്യാലയം അഭ്യർഥിച്ചു.

*******************************

## CONTAINER - DONT TOUCH

ചരക്കു കപ്പൽ അപകടവുമായി ബന്ധപ്പെട്ട് തീരദേശവാസികൾ ആശങ്കപ്പെടേണ്ടതില്ലെന്നും ജാഗ്രത പാലിച്ചാൽ മതിയെന്നും അധികൃതർ അറിയിച്ചു. തീരത്ത് അപൂർവ വസ്തുക്കൾ, കണ്ടെയ്നർ എന്നിവ കണ്ടാൽ തൊടരുതെന്നും അടുത്ത് കൂട്ടം കൂടരുതെന്നും 200 മീറ്റർ എങ്കിലും അകലം പാലിക്കണമെന്നും മുന്നറിയിപ്പുണ്ട്. ഇത്തരം വസ്തുക്കളെക്കുറിച്ച് വിവരം ലഭിച്ചാൽ 112 എന്ന നമ്പറിൽ അറിയിക്കണം. കപ്പൽ മുങ്ങിയ സ്ഥലത്ത് നിന്ന് 20 നോട്ടിക്കൽ മൈൽ ദൂരപരിധിയിൽ മത്സ്യബന്ധനം നടത്തരുത്.

*******************************

## RAIN- KERALA

കേരളത്തിൽ കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത അഞ്ചു ദിവസം വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയുണ്ട്. പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രതാ നിർദേശം നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നിർദേശിച്ചു. കേരള, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടിത്തത്തിന് വിലക്കേർപ്പെടുത്തി. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ഇടുക്കി, കോട്ടയം, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പരീക്ഷകൾക്കും അഭിമുഖത്തിനും മാറ്റമില്ല. വയനാട് ജില്ലയിൽ അങ്കണവാടികൾ, മദ്രസകൾ, സ്പെഷ്യൽ സ്കൂളുകൾ എന്നിവയ്ക്ക് അവധി പ്രഖ്യാപിച്ചു. കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയും കേരള സാങ്കേതിക

സർവകലാശാലയും ഇന്ന് നടത്താനിരുന്ന എല്ലാ പരീക്ഷകളും മാറ്റിവച്ചു.

*******************************

## RAIN – CAUTION

കേരള തീരത്ത് ഇന്ന് രാത്രി 8.30 വരെ 3 മീറ്റർ മുതൽ 4.2 മീറ്റർ വരെ ഉയർന്ന തിരയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് എന്നിവിടങ്ങളിൽ കടലാക്രമണ സാധ്യതക്കുള്ള റെഡ് അലർട്ട് പ്രഖ്യാപിച്ചു. തിരുവനന്തപുരം കാപ്പിൽ മുതൽ പൊഴിയൂർ വരെ ഓറഞ്ച് അലർട്ടാണ്. കന്യാകുമാരി ജില്ലയിലെ നീരോടി മുതൽ ആരോക്യപുരം വരെയുള്ള തീരങ്ങളിൽ ഇന്ന് രാത്രി ഉയർന്ന തിരയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്. മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിക്കണം. കേരള, കർണാടക, ലക്ഷദ്വീപ് തീരത്ത് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിനും സാധ്യതയുണ്ട്. 29 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ല.

*******************************

## RAIN – ELECTRICITY

ശക്തമായ കാറ്റിലും മഴയിലും മരക്കൊമ്പ് വീണും മറ്റും വൈദ്യുത കമ്പികൾ പൊട്ടിക്കിടക്കാനോ ചാഞ്ഞുകിടക്കാനോ സാധ്യതയുള്ളതിനാൽ പുറത്തിറങ്ങുമ്പോൾ ജാഗ്രത വേണമെന്ന് കെ എസ് ഇ ബി അറിയിച്ചു. അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം കെ എസ് ഇ ബി സെക്ഷൻ ഓഫീസിൽ അറിയിക്കണം.

*******************************

## PATHANAMTHITTA – RAIN

ചുവപ്പ് ജാഗ്രത പ്രഖ്യാപിച്ച പത്തനംതിട്ട ജില്ലയിലെ ആറു താലൂക്കുകളിലും ശക്തമായ കാറ്റിലും മഴയിലും വ്യാപക നാശനഷ്ടമുണ്ടായി. ശനിയാഴ്ച വൈകുന്നേരം നിലച്ച വൈദ്യുതി വിതരണം ചില സ്ഥലങ്ങളിൽ പുനഃസ്ഥാപിക്കാൻ വൈകും. 11 കെവിയുടേതടക്കം വൈദ്യുതലൈനുകൾ പൊട്ടി വീണു. മലയോര മേഖലയിൽ മണ്ണിടിച്ചിൽ സാധ്യത മുൻനിർത്തി മുന്നറിയിപ്പ് നൽകി.

*******************************************

## PALAKKAD – RAIN

കാലവർഷം ശക്തമായതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ 40 വീടുകൾ ഭാഗികമായും നാലു വീടുകൾ പൂർണമായും തകർന്നു. കുന്തിപുഴയുടെ ഭാഗമായ കുരുത്തിച്ചാലിൽ പുഴയിൽ ഇറങ്ങിയ ഒരാളെ കാണാതായി.

*******************************************

## SHUTTERS KANNUR – OPENED

കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ കണ്ണൂർ പഴശ്ശി ഡാമിന്റെ 10 ഷട്ടറുകൾ തുറന്നു. വളപട്ടണം പുഴയുടെ തീരത്ത് താമസിക്കുന്നവർ ജാഗ്രത പാലിക്കണം

*******************************************

## TRAIN – DISRUPTED

തൃശ്ശൂർ - ഗുരുവായൂർ റൂട്ടിൽ റെയിൽവേ ട്രാക്കിൽ ഇലക്ട്രിക് ലൈനിലേക്ക് മരം വീണ് ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടു.

*******************************************

## KARNATAKA - MONSOON

കർണാടകയിൽ തെക്കുപടിഞ്ഞാറൻ മൺസൂൺ ശക്തി പ്രാപിച്ചതോടെ തീരദേശ കർണാടകയിൽ മഴ ശക്തമാകുന്നു. കർണാടക തീരദേശ മേഖലയിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം ചുവപ്പു ജാഗ്രത പുറപ്പെടുവിച്ചു. നേത്രാവതി, കുമാരധാര, ഫാൽഗുനി നദികളിൽ ജലനിരപ്പ് ഉയർന്നു.

*******************************

## BYE ELECTION

കേരളത്തിലെ നിലമ്പൂർ ഉൾപ്പെടെ രാജ്യത്തെ അഞ്ച് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പ് തീയതികൾ കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ പ്രഖ്യാപിച്ചു. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഇന്ന് പുറപ്പെടുവിക്കും. അടുത്ത മാസം 19നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ 23ന്.

***********************************************************************************************************